**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 639** **11-06-2024 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ വ്യവസായപാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ എരമം-പുല്ലുപാറയിലെ ഐ.ടി. പാർക്കിനായി കണ്ടെത്തിയ സ്ഥലം വ്യവസായ പാർക്ക് ആക്കി മാറ്റുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ എരമം വില്ലേജിൽ ഐ. ടി പാർക്കുകൾക്ക് വേണ്ടി ഏറ്റെടുത്തിരുന്ന ഭൂമി കിൻഫ്ര ഏറ്റെടുക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി 7.10.2021 - ന് ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും ഭൂമിയുടെ അനുയോജ്യത, സംരംഭകരുടെ ലഭ്യത, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തി ഒരു Feasibility Report സമർപ്പിക്കാനും പ്രസ്തുത ഭൂമി SEZ പരിധിയിലുള്ളതാണോ എന്ന് പരിശോധിക്കുകയും ആണെങ്കിൽ ഭൂമി Non SEZ ആക്കി മാറ്റാതെ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നിലവിലെ പ്രായോഗിക തടസ്സങ്ങൾ ഉൾപ്പെടെയുള്ള വിശദമായി റിപ്പോർട്ട് സമർപ്പിക്കാനും എം.ഡി കിൻഫ്രയെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയത് പ്രകാരം കിൻഫ്ര സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടിൽ പ്രസ്തുത സ്ഥലം പൊതു വിഭാഗത്തിലുള്ള ചെറിയ വ്യവസായ പാർക്കുകൾക്ക് അനുയോജ്യമാണെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.<br><br>എരമം-കുറ്റൂർ, ചീമേനി എന്നി സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന ഐ.ടി പാർക്ക് പ്രത്യേക സാമ്പത്തിക മേഖല (SEZ) പദവിയുള്ള പ്രദേശമാണെന്നും ടി ഭൂമി SEZ പദവിയിൽ നിന്ന് ഒഴിവാക്കുന്നതിന് NOC ലഭിക്കുന്നതിലേക്കായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും കിൻഫ്രയ്ക്ക് ജനറൽ കാറ്റഗറി വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിലേക്കായി SEZ പദവി ആവശ്യമില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രത്യേക സാമ്പത്തിക മേഖല (SEZ) പദവിയുള്ള പ്രദേശങ്ങളിൽ ജനറൽ കാറ്റഗറി വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നത് നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി കഴിയുന്നതല്ലെന്നും |

| | | | |
|---|---|---|---|
| | | | SEZ മേഖലകളിൽ എക്സ്പോർട്ട് അധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾക്ക് മാത്രമേ പ്രവർത്തനാനുമതി നൽകുവാൻ കഴിയുകയുള്ളൂവെന്നും ജനറൽ കാറ്റഗറി, മറ്റു തീം ബേസ്ഡ് പാർക്കുകളിൽ ഉത്പാദിപ്പിക്കപ്പെടുന്ന വസ്തുക്കളുടെ മാർക്കറ്റ് പൂർണമായും തദ്ദേശീയമായ വിപണി അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതായതിനാൽ SEZ പദവി ഇല്ലാതിരിക്കുമ്പോഴാണ് വ്യവസായികൾക്ക് നിക്ഷേപം നടത്താനുള്ള സാധ്യത മുന്നിട്ടു നിൽക്കുന്നതെന്നും ഐ.ടി. അനുബന്ധ / കയറ്റുമതി അധിഷ്ഠിത വ്യവസായ പാർക്കുകൾക്കു മാത്രമാണ് SEZ പദവി അഭികാമ്യമായിട്ടുള്ളതെന്നും വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | സാങ്കേതിക നടപടികൾ വേഗത്തിലാക്കി പദ്ധതി യാഥാർത്ഥ്യമാക്കാൻ ആവശ്യമായ ഇടപെടൽ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | മേൽ പരാമർശിച്ചിരിക്കുന്ന ഭൂമി പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള ഭൂമി ആയതിനാൽ വ്യവസായ വകുപ്പിന് കൈമാറുന്നതിലേയ്ക്കായി പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്നും മാറ്റിയെടുക്കേണ്ടതുണ്ട്. പ്രവർത്തനങ്ങൾ വേഗത്തിലാക്കുവാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ വകുപ്പിലെയും, ഐ.ടി.വകുപ്പിലേയും ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ 09.01.2024-ൽ ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിലെ തീരുമാനപ്രകാരം ഭൂമി പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്നും ഒഴിവാക്കിയെടുക്കുന്നതിനായി ചെലവാകുന്ന 1.52 കോടി രൂപ കമ്പനികൾ തമ്മിൽ ഒപ്പുവയ്ക്കുന്ന MoU-ലെ വ്യവസ്ഥകൾ അനുസരിച്ച് കിൻഫ്ര, കെ.എസ്.ഐ.ടി.ഐ.എൽ-ന് കൈമാറിയിട്ടുണ്ട്. പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്നും ഭൂമി ഒഴിവാക്കാനുള്ള തുടർനടപടികൾ ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പിൽ നടന്നു വരുന്നു. |
| (സി) | തുടർപ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ മന്ത്രിതലയോഗം വിളിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; അറിയിക്കാമോ? | (സി) | മേൽ പരാമർശിച്ചിരിക്കുന്ന ഭൂമി പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള ഭൂമി ആയതിനാൽ വ്യവസായ വകുപ്പിന് കൈമാറുന്നതിലേയ്ക്കായി പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്നും മാറ്റിയെടുക്കേണ്ടതുണ്ട്. പ്രവർത്തനങ്ങൾ വേഗത്തിലാക്കുവാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ വകുപ്പിലെയും, ഐ.ടി.വകുപ്പിലേയും ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ 09.01.2024-ൽ ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിലെ തീരുമാനപ്രകാരം ഭൂമി പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്നും ഒഴിവാക്കിയെടുക്കുന്നതിനായി ചെലവാകുന്ന 1.52 കോടി രൂപ കമ്പനികൾ തമ്മിൽ |

| | | | |
|---|---|---|---|
| | | | ഒപ്പുവയ്ക്കുന്ന MoU-ലെ വ്യവസ്ഥകൾ അനുസരിച്ച് കിൻഫ്ര, കെ.എസ്.ഐ.ടി.ഐ.എൽ-ന് കൈമാറിയിട്ടുണ്ട്. പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്നും ഭൂമി ഒഴിവാക്കാനുള്ള തുടർനടപടികൾ ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ